## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3358 - 25/06/2012-ലെ മറുപടിക്ക്

സ്വയം സംരംഭക മിഷന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എ.എ. അസീസ്:**<br>**ശ്രീ. കോവൂർ കുഞ്ഞുമോൻ:** | | **ശ്രീ.കെ.എം.മാണി**<br>**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി** |
| (എ) | സംസ്ഥാനത്ത് സ്വയം സംരംഭക മിഷൻ സ്ഥാപിച്ചതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കാമോ ; | ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കേരള സംസ്ഥാനത്തെ തൊഴിലില്ലായ്മയുടെ തോത് കുറയ്ക്കുക, സംസ്ഥാനത്തെ യുവജനങ്ങൾക്കിടയിൽ സംരംഭകത്വസ്വഭാവം വളർത്തിയെടുക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ കേരള സർക്കാർ രൂപം നൽകിയ ഒരു പദ്ധതിയാണ് കേരള സംസ്ഥാന സ്വയംസംരംഭക വികസന മിഷൻ. കഴിവും മികച്ച ആശയങ്ങളുമുള്ള തൊഴിൽ രഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് സ്വയം സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ പരിശീലനം നൽകുകയും പ്രസ്തുത പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ലളിതമായ ജാമ്യ വ്യവസ്ഥ പ്രകാരം ബാങ്കുകളിലൂടെയും ധനകാര്യ സ്ഥാപനങ്ങളിലൂടെയും പലിശ രഹിത സാമ്പത്തിക സഹായം ലഭ്യമാക്കുകയുമാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്.<br>50,000 യുവജനങ്ങൾക്ക് വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകി, 10,000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച്, 1 ലക്ഷം പേർക്ക് പ്രത്യക്ഷമായും 5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ഉറപ്പുവരുത്തുന്ന ഒരു ബൃഹത് പദ്ധതിയാണ് കേരള സംസ്ഥാന സ്വയം സംരംഭക വികസനമിഷൻ. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്രപേർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്കായി തുക അനുവദിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | ഒന്നാംഘട്ട തെരെഞ്ഞെടുപ്പിനും പരിശീലനത്തിനും ശേഷം 231 സംരംഭങ്ങൾ സാമ്പത്തിക സഹായത്തിനർഹത നേടി. ഇവരിൽ വായ്പ അനുവദിക്കപ്പെട്ട സംരംഭകരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. ബാക്കി സംരംഭകർക്കുള്ള വായ്പ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. |

| | | |
|---|---|---|
| (സി) | പ്രസ്തുത സ്വയംതൊഴിൽ സംരംഭം വഴി നൽകുന്ന സാമ്പത്തിക സഹായങ്ങൾ എന്തൊക്കെയാണെന്നും പലിശ എത്ര ശതമാനമാണെന്നും തുക അനുവദിക്കുന്ന സാമ്പത്തിക സ്ഥാപനം ഏതാണെന്നും വ്യക്തമാക്കുമോ ? | പദ്ധതി തുകയുടെ 90% ആണ് സാമ്പത്തിക സഹായം. ഒരു സംരംഭകന് 4 ലക്ഷം എന്ന കണക്കിൽ, ഒരു ഗ്രൂപ്പിന് പരമാവധി 20 ലക്ഷം രൂപയാണ് വായ്പ അനുവദിക്കുന്നത്. 2 മുതൽ 5 പേർ വരെ അടങ്ങുന്നതാണ് ഒരു ഗ്രൂപ്പ്. ടെക്നോക്രാറ്റുകൾക്ക് ഒറ്റയ്ക്കും അപേക്ഷിക്കാം. അവർക്ക് പരമാവധി 10 ലക്ഷം രൂപ വരെ നൽകും. ഒരു വർഷത്തെ മൊറട്ടോറിയം ഉൾപ്പെടെ 5 വർഷമാണ് തിരിച്ചടവ് കാലാവധി. വായ്പയ്ക്ക് സംരംഭകർ പലിശ ഒടുക്കേണ്ടതില്ല. പലിശ സർക്കാർ വഹിക്കും. മിഷനുമായി സഹകരിക്കാൻ തയ്യാറാവുന്ന സാമ്പത്തിക സ്ഥാപനങ്ങൾ വഴിയാണ് വായ്പ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**നക്ഷത്രചിഹ്നമിടാത്ത 3358-ാം നമ്പർ നിയമസഭാ ചോദ്യത്തിന്റെ (ബി) പിരിവിനുള്ള മറുപടിയോടൊപ്പമുള്ള അനുബന്ധം**

1. ചാലയം മെഗാ മോട്ടേഴ്സ്, കരുനാഗപ്പള്ളി, കൊല്ലം - സംരംഭകന്റെ പേര് - സുബിൻ മുഹമ്മദ് (ടെക്നോക്രാറ്റ്).
2. ഓട്ടോ സ്പാ ഓട്ടോമാറ്റിക് കാർ വാഷ്, പാല, കോട്ടയം - സംരംഭകരുടെ പേര് - സാവിയോ ജോസഫ്, ജാസ്മിൻ മറിയ ജോർജ്ജ്, കിരൺ. എ മണിമല, ലിനു മറിയ ടോം, സിമി ജോസഫ്.
3. ഫ്രഷ് ആന്റ് ഫ്ളഷ്, പാങ്ങോട്, തിരുവനന്തപുരം - സംരംഭകരുടെ പേര് - എൽ.ആർ. രഞ്ചിത, കെ.കെ. രേഖ.
4. കൃഷ്ണപിള്ള അസോസ്സിയേറ്റ്സ്, ചെറുന്നിയൂർ, തിരുവനന്തപുരം - സംരംഭകരുടെ പേര് - എം. ശ്രീകാന്ത്, ആർ. രശ്മിരാജ്.
5. ശ്യംകുണ്ട് ബയോവാട്ടർ ട്രീറ്റ്മെന്റ് ആന്റ് പ്യൂരിഫിക്കേഷൻ സിസ്റ്റംസ്, തിരുവനന്തപുരം കോർപ്പറേഷൻ - സംരംഭകരുടെ പേര് - പി.നാഗരാജൻ, സന്ധ്യ നാഗരാജൻ.
6. കേ സി റ്റൂൾ ഇൻഡസ്ട്രീസ്, കരകുളം, തിരുവനന്തപുരം - സംരംഭകന്റെ പേര് - കെ.സി. വിമൽ (ടെക്നോക്രാറ്റ്).
7. ഗോകുലം ഡയറി ഫാം, പാങ്ങോട്, തിരുവനന്തപുരം - സംരംഭകരുടെ പേര് - ആർ.എസ്. അനുരാജ്, പി.പി. രതീഷ്.
8. ലക്ഷ്മി ഡയറി ഫാം, മാറനല്ലൂർ, തിരുവനന്തപുരം - സംരംഭകരുടെ പേര് - എം.എസ്. ജയലക്ഷ്മി, എം.എസ്. വിജയലക്ഷ്മി, എൽ.പി. വിനീത.
9. എം.എസ്.എ. പൗൾട്രി ഫാം, കുറ്റിച്ചൽ, തിരുവനന്തപുരം - സംരംഭകരുടെ പേര് - യു.എസ്. അനീസ്, യു.എസ്. നഷീത.

സെക്ഷൻ ഓഫീസർ